LIBRARY ARCHIVES Kerala Legislative Assembly

മാറ്റുന്നതിനും സംസ്ഥാന സർക്കാരിന് നികുതി ചുമത്തുവാനുള്ള അധികാരം നൽകാമെന്നും ധാരണയായിട്ടുണ്ട്. ബീഡിയും ബീഡിപ്പുകയിലയും ചുരുട്ടും ഒഴികെയുള്ള പുകയിലയ്ക്കും സിഗരറ്റിനും പുകയില ഉൽപ്പന്നങ്ങൾക്കും സബ്സ്റ്റിറ്റ്യൂട്ടുകൾക്കും പാൻ മസാലകൾക്കും 12.5 ശതമാനം വാറ്റ് നികുതി ചുമത്തുവാൻ നിർദ്ദേശിക്കുന്നു. കേന്ദ്രം ഡിക്ളയേർഡ് ഗുഡ്സിന്റെ പട്ടികയിൽ നിന്ന് പുകയിലയെ ഒഴിവാക്കുന്ന മുറയ്ക്ക് ഈ നികുതി നിരക്ക് പ്രാബല്യത്തിൽ വരും. അതുവരെ 4% നികുതി ഈടാക്കുന്നതാണ്. 50 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

198. അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തിയിരുന്ന പുകയില, പഞ്ചസാര, തുണിത്തരങ്ങൾ സംസ്ഥാനങ്ങൾക്ക് വിട്ടുകിട്ടണമെന്നുള്ളത് മാറിമാറി വന്ന സർക്കാരുകൾ ഫൈനാൻസ് കമ്മീഷനുകൾക്കു മുമ്പിൽ നൽകിയിട്ടുള്ള മെമ്മോറാണ്ടങ്ങളിലെല്ലാം നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. കേന്ദ്ര വിൽപ്പന നികുതി കുറവ് വരുത്തുന്നതിന്റെ നഷ്ടപരിഹാരത്തിന് കേന്ദ്രം ഇന്ന് തയ്യാറാവുകയാണ്. ഇതിന്റെ ഭാഗമാണ് മുമ്പ് സൂചിപ്പിച്ചതുപോലെ പുകയിലയും പുകയില ഉൽപ്പന്നങ്ങളും ഡിക്ളയേർഡ് ഗുഡ്സ് അല്ലാതാക്കുന്നത്. കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് വേണ്ടിവരുന്ന അധിക ചെലവിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയ്ക്ക് വേണ്ടി തുണിത്തരങ്ങൾക്ക് ഒരു ശതമാനം വാറ്റ് നികുതി ചുമത്തുന്നതാണ്. ഇതിൽ നിന്ന് 20 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഖാദി, ഹാന്റ്ലൂം തുണിത്തരങ്ങളെ ഈ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

199. കേരള പേപ്പർ ലോട്ടറീസ് നിയമപ്രകാരം സാധാരണ നറുക്കെടുപ്പിനുള്ള നികുതി 5 ലക്ഷമായും ബമ്പർ നറുക്കെടുപ്പിനുള്ള നികുതി 15 ലക്ഷമായും വർദ്ധിപ്പിക്കും. ഇപ്രകാരം 40 കോടി രൂപയുടെ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു.

200. 2001-ന് ശേഷം കരിങ്കൽ ക്വാറികളുടെ കോമ്പൗണ്ടഡ് നികുതി നിരക്കിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. യഥാർത്ഥ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളുടെ നികുതി നിർണ്ണയിച്ചാൽ നിലവിലുള്ള കോമ്പൗണ്ടഡ് നികുതി വളരെ കുറവാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ മേഖലയിലുണ്ടായ കുതിച്ചു ചാട്ടം എനിക്ക് കാണാതിരിക്കാൻ കഴിയില്ല. ഇതെല്ലാം പരിഗണിച്ച് നിലവിലുള്ള കോമ്പൗണ്ടഡ് നികുതി നിരക്ക് ഇരട്ടിയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കോമ്പൗണ്ടഡ് നിരക്കിൽ നികുതി നൽകുന്ന മെറ്റൽ ക്രഷറുകളുടെ എം-സാന്റ് വിൽപ്പനയിൻമേൽ പ്രത്യേകമായി നികുതി ചുമത്തുന്നതല്ല. കോമ്പൗണ്ടഡ് നികുതി അടയ്ക്കാത്ത ക്രഷറുകൾ ഉൽപ്പാദിപ്പിക്കുന്ന മെറ്റലുകളുടെയും എം-സാന്റിന്റെയും നികുതി നിരക്ക് 12.5 ശതമാനമായി ഉയർത്തുന്നതാണ്. ഇതുവഴി 3 കോടി രൂപയുടെ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു

## വാണിജ്യ നികുതി വകുപ്പിന്റെ നവീകരണം

201. വാണിജ്യ നികുതി പിരിക്കുന്നതിനുള്ള ചെലവ് അനുക്രമമായി കുറഞ്ഞു വരികയാണ്. 1990 ൽ ഇത് നികുതി പിരിവിന്റെ 1.35 ശതമാനമായിരുന്നുവെങ്കിൽ 2006-ൽ കേവലം 0.79 ശതമാനം മാത്രമാണ്. നികുതി പിരിവ്-ചെലവിന്റെ തോത് ഒരു ശതമാനമായി ഉയർത്തി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നു. പുതുതായി തസ്തികകൾ സൃഷ്ടിക്കാതെ വകുപ്പ് കാര്യക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ടാർജറ്റ് മറികടക്കുന്ന ഓഫീസുകൾക്ക് നവീകരണത്തിന് മുൻഗണന നൽകുമെന്ന് പറഞ്ഞിരുന്നു. അതുപോലെ തന്നെ സ്തുത്യർഹമായി പ്രവർത്തിക്കുന്ന വാണിജ്യ നികുതി വകുപ്പ് ഓഫീസർമാർക്ക്

റിവാർഡുകൾ നൽകുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. വളരെ സ്തുത്യർഹമായ പ്രവർത്തനമാണ് കഴിഞ്ഞവർഷം വാണിജ്യ നികുതി വകുപ്പ് കാഴ്ചവെച്ചത്. പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസുകളുടെ നവീകരണത്തിനായിരിക്കും ഡിപ്പാർട്ട്മെന്റ് ഹെഡിൽ അധികമായി വകയിരുത്തുന്ന 10 കോടി രൂപ ഉപയോഗിക്കുക. അതുപോലെത്തന്നെ വ്യക്തിഗത ടാർജറ്റുകൾ പൂർത്തീകരിച്ചവർക്ക് ക്യാഷ് അവാർഡുകൾ നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇത് ഈ വർഷം നടപ്പാക്കുന്നതാണ്.

202. ചെക്ക്പോസ്റ്റുകളെ കുറിച്ച് നിയമസഭാ സമിതി വിശദമായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. നിയമസഭാ സമിതി ഇതിനകം തന്നെ വാളയാർ, അമരവിള തുടങ്ങിയ ചെക്ക്പോസ്റ്റുകൾ പരിശോധിക്കുകയുണ്ടായി. സമിതിയുടെ തീരുമാനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുകയാണ്. സമിതിയുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് 9 ചെക്ക് പോസ്റ്റുകളിൽ വേബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ വേഗത്തിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. വാളയാറിൽ സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനായുള്ള സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കലും അതിന് വേണ്ടിയുള്ള പണികളുടെ ടെണ്ടർ നടപടിക്രമങ്ങളും 2007-08-ൽ തന്നെ പൂർത്തിയാക്കുന്നതാണ്.

203. കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പിലാക്കാതെ വാറ്റ് നിയമം പൂർണ്ണവും കാര്യക്ഷമവുമായി നടപ്പിലാക്കാനാവുകയില്ല. 2007-08-ൽ നികുതി വകുപ്പ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിരിക്കും. ഇതിനാവശ്യമായ ഊർജ്ജിത പരിശീലനം തുടങ്ങിക്കഴിഞ്ഞു. മൊത്തം പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് മേൽനോട്ടം വഹിക്കുന്നതിന് കമ്മീഷണറുടെ കീഴിൽ സാങ്കേതിക വിദഗ്ധരുടെ ഒരു സ്പെഷ്യൽ സമിതിയെ നിയോഗിക്കുന്നതാണ്.

204. വാണിജ്യ നികുതി വകുപ്പിൽ ശേഖരിക്കപ്പെടുന്ന കണക്കുകൾ വളരെക്കുറച്ചു മാത്രമേ ചിട്ടപ്പെടുത്തി വിശകലനം ചെയ്യാൻ കഴിയുന്നുള്ളൂ. കമ്പ്യൂട്ടറൈസേഷൻ ഈ പ്രവർത്തനത്തിന് ഏറ്റവും സഹായകരമാകും. ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് അടിയന്തിരമായി ഒരു ഡാറ്റാബേയ്സ് സൃഷ്ടിക്കും. ഇതിലൊരു പ്രധാന നടപടിയായ ചെക്ക്പോസ്റ്റുകളിലെ മുൻകാല രജിസ്റ്ററുകളിലെ വിവരങ്ങൾ ക്രോഡീകരിക്കുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ പ്രത്യേകമായി നീക്കിവെക്കുന്നു.

## സ്റ്റാമ്പ് ഡ്യൂട്ടി

205. റദ്ദാക്കാൻ സാധിക്കാത്ത മുക്ത്യാറുകളുടെ അടിസ്ഥാനത്തിലാണ് ഇന്ന് നല്ലൊരു ഭാഗം ഭൂമി കൈമാറ്റങ്ങൾ നടക്കുന്നത്. തൻമൂലം സർക്കാരിന് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി ഗണ്യമായ തോതിൽ നഷ്ടമാകുന്നുണ്ട്. ആയതിനാൽ വസ്തുകൈമാറ്റങ്ങൾ നടത്താൻ അധികാരപ്പെടുത്തുന്ന മുക്ത്യാറുകളിന്മേൽ കൈമാറ്റത്തുകയുടെ തോതനുസരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുന്നതാണ്. വസ്തുകൈമാറ്റങ്ങൾ നടത്താൻ അധികാരപ്പെടുത്തുന്ന മുക്ത്യാറുകളിന്മേൽ കൈമാറ്റപ്പെടുന്ന വസ്തുവിന്റെ വിലയനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ ഓരോ നൂറ് രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ ആറ് രൂപ എന്ന നിരക്കിലും, മുനിസിപ്പിലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഓരോ നൂറ് രൂപയ്ക്കോ, അതിന്റെ ഭാഗത്തിനോ 8 രൂപ 50 പൈസ നിരക്കിലും സ്റ്റാമ്പ് ഡ്യൂട്ടി പുതുക്കി നിശ്ചയിക്കുന്നതാണ്. ആയതിനാൽ 1959-ലെ കേരളാ സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ ആർട്ടിക്കിൾ 44-ൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു. ഇപ്രകാരമുള്ള മാറ്റത്തിന്റെ ഫലമായി 50 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

estate boom in the State. Considering all these factors I propose to double the existing rates. Units opting for compounded assessments will not be assessed on m sand separately. I further propose to tax all quarry products including m sand at 12.5%. This measure is estimated to fetch additional revenue of Rs. 3 crore.

**Modernization of the Commercial Taxes Department**

201. The cost of collection of taxes has been going down steadily; in 1990 it was 1.35% and while in 2006 it has declined to 0.79%. I propose to increase the spending on tax collection to 1% and to maintain it at that level. Our effort will be to increase efficiency. However, I do not intend to create any new posts. I had declared earlier that offices which exceed their collection target would be rewarded with modernization of their offices. Similarly I had promised in the last Budget that officers who render meritorious service would be rewarded suitably. The Commercial Taxes Department performed exceedingly well in the last year. Modernization of various offices will be taken up on the basis of their performance with the additional allotment of Rs. 10 crore that I propose to allot to the Department; this will be given to their own administrative control. I had also announced grant of cash awards to individual officers who exceed their target; this will be operationalized this year.

202. The Legislative Committees are currently studying the Check Posts in detail. The Committees have already visited Walayar and Amaravila Check Posts. The recommendations of the Committees will be implemented on top priority. Steps to install weighbridges at nine Check Posts are proceeding apace accepting the recommendations of the Committees. The acquisition of land for the integrated check post in Walayar will be completed in 2007-08, and the tender for the works there will also be finalized.

203. There is no way we can efficiently run the VAT system without computerizing the Department. The Department will be completely computerized by 2007-08. The intensive training required for the purpose has already started. An expert committee will be set up under the Commissioner for evaluating and taking forward the computerization.

204. Very little of the data in the Commercial Taxes Department gets tabulated and analyzed. The process of computerization will aid in a better understanding of the data generated in the Department. A systematic database will be created on the basis of the available data. As part of this exercise the data from the Check Posts will be consolidated; I set apart Rs. 25 lakh for this purpose.

**Stamp Duty**

205. Multiple transactions taking place on the strength of irrevocable powers of attorney need to be arrested to avoid further loss of revenue to Government. Hence it is proposed to impose stamp duty at conveyance rate on power of attorney executed conferring authority on the agent to transact immovable property. The prevailing rate of stamp duty on a General Power of Attorney is Rs. 150. This rate is proposed to be

LIBRARY ARCHIVES Kerala Legislative Assembly